Talented Bankers Literary Panel
പുസ്തക പരിചയം 116

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMECC, കൊട്ടാരക്കര.

A thousand splendid suns
നോവലിസ്റ്റ് : Khaled Hosseini

അഫ്ഘാനിസ്ഥാൻ ആഭ്യന്തര കലാപത്തിന്റെ ഭീകരതയും, പുരോഗമിക്കാത്ത സാമൂഹിക കെട്ടപ്പാടിൽ സ്ത്രീകൾ എത്ര മാത്രം നിന്ദയും പീഡനവും അപമാനവും സഹിക്കുന്നു എന്നതും രണ്ടു അമ്മമാരുടെ കഥയിലൂടെ ഖാലിദ് ഹോസ്സ്നി പറയുന്നു. അമ്മമാർ എന്നു പറയുമ്പോൾ.. 15 വയസ്സിൽ താഴെ പ്രായത്തിൽ അമ്മയാകേണ്ടി വന്ന രണ്ടു പെൺകുട്ടികൾ.. മറിയം എന്ന അമ്മയും.. ലൈല എന്ന അമ്മയും.

മറിയം : ചെറുപ്രായത്തിൽ അമ്മക്ക് പറ്റിയ കൈതെറ്റ്.. അതാണ് മറിയം.. അച്ഛൻ ധനിക കുടുംബാംഗം. സ്വപ്നങ്ങൾ, ചിത്രശലഭങ്ങൾ, പട്ടം
ഒക്കെ ആവേശം ആയിരുന്ന കുഞ്ഞു മറിയത്തിന്റെ അമ്മ മറിയത്തോടുള്ള പിണക്കവുമായി ആത്മഹത്യ ചെയ്യുന്നു. അച്ഛന്റെ വീട്ടിലേക്ക് പോകുന്ന മറിയം, അവിടെ ഒരു കരടാകുന്നു. പിന്നെ പെട്ടെന്ന് തന്നെ പ്രായത്തിൽ വളരെ മൂത്ത ഒരാളുമായുള്ള വിവാഹം.ഈ കുഞ്ഞു പ്രായത്തിൽ അമ്മയെ നഷ്ടപ്പെട്ടു, അച്ഛനാലും ഉപേക്ഷിക്കപ്പെട്ടു മനസ് തകരുന്ന മറിയം പിന്നെ ഭർത്താവിന്റെ കാഴ്ചപ്പാടിലേക്കു സ്വയം ഒതുങ്ങുന്നു. കൊടിയ പീഡനവും, ആക്ഷേപവും ഗർഭം ധരിക്കലും, ഗർഭ ഛിദ്രവും.. മറുപടി പറയാൻ നാവു പൊന്താത്ത ഭീകരതയിൽ മറിയം ജീവിക്കുമ്പോൾ, ഇത് തന്റെ അവകാശം എന്നു കരുതുന്ന മതാത്മക മനസുമായി ഭർത്താവ് അവളെ ചിന്തകൾക്ക് സ്ഥാനമില്ലാത്ത അടിമ ജീവിതത്തിലേക്ക് നടത്തി.

അനാഥ അല്ലാത്ത അനാഥയായ മറിയം. എഴുത്തിന്റെ മാസ്മരികത ഹൃദയത്തിൽ മുറിവുകൾ ഉണ്ടാക്കും.. തീർച്ച

ലൈല : ചിറകു വിടർത്തിയ സ്വപ്നങ്ങളുമായി, അറിവിന്റെ, കലയുടെ ലോകത്തേക്ക് ചുവടുകൾ വച്ചു തുടങ്ങിയ പെൺകുട്ടി. തലയ്ക്കു മുകളിലൂടെ ചിതറിപായുന്ന വെടിയുണ്ടകളും റോക്കറ്റുകളും മെല്ലെ

അവളെ വീട്ടിലേക്ക് ഒതുക്കുന്നു. കാമുകൻ ആയ ബാല്യകാല സുഹൃത്തും കലാപ കാലത്തെ കൂട്ട പലായനങ്ങളിൽ പാകിസ്ഥാനിലേക്ക് പോകുന്നു..വിപ്ലവവും ആയി വരുന്ന പുതിയ ഭരണാധികാരികളിൽ പ്രതീക്ഷ വച്ചു പുലർന്നു പോന്ന ലൈലയുടെ അമ്മ ഒടുവിൽ പാക്കിതാനിലേക്കു പലായനം ചെയ്യാൻ സമ്മതിക്കുന്നു. പക്ഷെ വിധി മറ്റൊന്നാണ് കരുതി വച്ചത്. വീട്ടിലേക്കു പതിക്കുന്ന വഴി തെറ്റിയ ഒരു റോക്കറ്റ് അവളെ അനാഥമാക്കി പൊട്ടി ചിതറുന്നു.

ലൈല ചെന്നുപെടുന്നത് മറിയത്തിന്റെ വീട്ടിൽ. ദിവസങ്ങൾക്കു അകം ലൈല മറിയത്തിന്റെ ഭർത്താവിന്റെ (റഷീദ് )രണ്ടാം ഭാര്യ ആകുന്നു.ബാല്യകാല സുഹൃത്തും കാമുകനുമായ താരിഖിന്റെ കുഞ്ഞിനെ ഉള്ളിൽ പേറുന്നുണ്ട് എന്നറിയാതെ ലൈല ഭയത്തോടെ ജീവിക്കുന്നു.

മറിയവും ലൈലയും പിന്നെ പരസ്പരം തോൾ കൊടുത്തു് ജീവിതത്തെ തോല്പിക്കാൻ ശ്രമിക്കുകയാണ്.. കുഞ്ഞുങ്ങളുടെ ചിരിയിലും കൊഞ്ചലിലും ആ കുഞ്ഞു അമ്മമാർ ജീവിതത്തിന്റെ വലിയ സന്തോഷങ്ങൾ അറിയുന്നു. ഭർത്താവിന്റെ കൊടിയ പീഡനങ്ങൾ, പിന്നീട് വരുന്ന കൊടും പട്ടിണി, ആഹാരമില്ലാതെ എല്ലും തോലുമാകുന്ന കുഞ്ഞുങ്ങൾ.പട്ടിണി സഹിക്ക വയ്യാതെ ഒരു കുഞ്ഞിനെ അനാഥ മന്ദിരത്തിൽ ആക്കാൻ നിർബന്ധിക്കപ്പെടുന്ന ലൈല..

മതാന്ധതയും, അധികാരവും തലക്കു പിടിച്ച ആഭ്യന്തര യുദ്ധത്തിൽ കറുത്ത് ഇരുണ്ടു പോയ അവരുടെ ജീവിതം. ഇന്നലെ പെയ്ത മഴകൾ മുഴുവൻ തന്റെ കണ്ണുനീർ ആണെന് അറിയാമായിരുന്നിട്ടും നാളെയുടെ ഒരായിരം സൂര്യനെ പ്രതീക്ഷിക്കുന്നു ലൈല. മനസു മരവിച്ചു സ്വപ്നങ്ങൾ ഇല്ലാത്ത മറിയം ഇന്നിൽ ജീവിക്കുന്നു. അവരുടെ അവസാനവട്ട പോരാട്ടങ്ങൾ..

ശുഭപര്യവസായിയായ (അങ്ങനെ പറയാമോ എന്നു അറിയില്ല ) നോവലിൽ ഒടുവിൽ ഒരായിരം സൂര്യനെ നമുക്കും കാണാം..

റിവ്യൂ പാനൽ : ഈ നോവൽ വായിച്ചു കഴിഞ്ഞാൽ പിന്നെ ദിവസങ്ങളോളം വായന മുടങ്ങും. കാരണം ഖാലിദ് ഹോസ്സി എന്ന "international best seller" ന്റെ എഴുത്ത് ഓരോ അധ്യായത്തിലും കുറെ സൂചി മുനകൾ നിങ്ങളുടെ ഹൃദയത്തിൽ അമർത്തി ആഴ്ത്തും. അത് അലിഞ്ഞു നമ്മോടൊപ്പം തന്നെ ചേരുന്നത് വരെ തുടർ വായന ബുദ്ധിമുട്ടാണ്. യുദ്ധത്തിന്റെ തീവ്രത മുഴുവൻ ഒരു സിസേറിയൻ റൂമിൽ ഡോക്ടറും ലൈലയും മറിയവും നമുക്ക് കാട്ടിത്തരും.

അനസ്തേഷ്യ ഇല്ലാതെ കുഞ്ഞിനെ ലൈലയുടെ വയർ കീറി പുറത്തെടുക്കുമ്പോൾ, അവളെ മരണത്തിനു വിട്ടു കൊടുക്കാതെ എന്ന പോലെ അവളുടെ കൈകളിൽ കൈ കോർത്തു അമർത്തിപ്പിടിക്കുന്ന മറിയം.

ലൈലയും മറിയവും ഒറ്റപ്പെട്ട കഥാപാത്രങ്ങളുമല്ല.

ഒരു പുരുഷൻ ആയിരുന്നെങ്കിൽ എന്നേ ആത്മഹത്യ ചെയ്തു പോകുമായിരുന്ന ചുറ്റുപാടുകളിൽ അവരെ മുന്നോട്ടു കൈ പിടിച്ചു നടത്തിയത് - പര്യായ പദങ്ങൾ ഭൂഷണമല്ലാത്ത "അമ്മ " എന്ന പദമാണ്. അതെ അവർ രണ്ടു അമ്മമാരായിരുന്നു.. ലൈലയും മറിയവും.

Publisher - River head books
Price - Rs. 289/-